<u>വളരെ അടിയന്തിരം</u>

നം.എഫ്5/8782/15

വിദ്യാഭ്യാസ ഉപ ഡയറക്ടുടെ കാര്യാലയം
എറണാകുളം, തീയതി: 16.07.2015.

<u>സർക്കുലർ</u>

വിഷയം:- പാഠപുസ്തക വിതരണം - സംബന്ധിച്ച് -
സൂചന:- 15.07.2015-ന് തിരുവനന്തപുരത്ത് നടന്ന കൺവർജൻസ് മീറ്റിംഗ്.

..........

പാഠപുസ്തക വിതരണ പൂർത്തീകരിക്കുന്നതിന് ബഹു.പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ മേൽ സൂചനയിലെ നിർദ്ദേശപ്രകാരം ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ കർശനമായി പാലിക്കേണ്ടതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ജൂലൈ 18-ന് തന്നെ വിതരണം ചെയ്യാൻ ബാക്കിയുള്ള പുസ്തകങ്ങൾ ആലുവ Hub-ൽ കെ.ബി.പി.എസ്. എത്തിക്കുമെന്നും ജൂലൈ 19-ന് തന്നെ സൊസൈറ്റികൾക്ക് വിതരണം ചെയ്യുമെന്നും അറിയിച്ചിരിക്കുന്നു. ആയതിനാൽ സൊസൈറ്റികൾ പുസ്തകം സ്വീകരിക്കുന്നതിന് 24 മണിക്കൂറും സജ്ജമായിരിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.
2. സ്റ്റോർ കീപ്പർമാർ, കൗണ്ടർമാർ എന്നിവരെ ഉപയോഗപ്പെടുത്തി 20-ാം തീയതി വൈകുന്നേരത്തിനകം എല്ലാ സ്ക്കൂളുകളിലും പാഠപുസ്തകം ലഭ്യമാക്കി എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
3. കഴിയുന്ന സൊസൈറ്റികൾക്ക് ആലുവ Hub-ൽ നിന്ന് നേരിട്ട് പുസ്തകം എടുക്കുവാനുള്ള നിർദ്ദേശം നൽകാവുന്നതാണ്.
4. സൊസൈറ്റി എച്ച്.എം.നും മറ്റ് പ്രധാനാദ്ധ്യാപകർക്കും 20-ാം തീയതി തന്നെ സൊസൈറ്റികളിൽ നിന്ന് സ്ക്കൂളുകളിലേക്ക് പുസ്തകം എത്തിക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.
5. പുസ്തക വിതരണത്തിൽ Hub-ൽ കേന്ദ്രീകരിച്ചുള്ള പുരോഗതി ആലുവ ഡി.ഇ.ഒ.യും, ആലുവ എ.ഇ.ഒ.യും റിപ്പോർട്ട് ചെയ്യേണ്ടതാണ്.
6. തങ്ങൾക്ക് കീഴിലുള്ള സൊസൈറ്റികളിലും സ്ക്കൂളുകളിലും ജൂലൈ 20-ന് തന്നെ പുസ്തകം ലഭ്യമാകുന്നുണ്ട് എന്നും മറ്റ് ക്രമീകരണങ്ങൾ ഒരുക്കുവാനുണ്ടെങ്കിൽ അത്തരം നടപടികൾകൂടി എ.ഇ.ഒ./ഡി.ഇ.ഒ.മാർ ചെയ്യേണ്ടതാണ്.

വിദ്യാഭ്യാസ ഉപ ഡയറക്ടർ
എറണാകുളം

സ്വീകർത്താവ്:-

എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ജില്ലാ പാഠപുസ്തക-സ്റ്റോർകീപ്പർമാർക്കും

പകർപ്പ്:-

എല്ലാ സൊസൈറ്റി സെക്രട്ടറിമാർക്കും (എ.ഇ.ഒ. മുഖാന്തിരം)

എംപിഎ/16.07